# ലേബർ കമ്മീഷണറുടെ നടപടിക്രമം

**[സാന്നിദ്ധ്യം: കെ.ബിജു.ഐ.എ.എസ്.]**

വിഷയം:- തൊഴിൽവകുപ്പ് - സ്ഥാപനകാര്യം- അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ താൽകാലിക സ്ഥാനകയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

വായന:-
1. 21.07.2017 ലെ എൽ.ബി.ആർ.ഡി./ഡി3/196/2017-എൽ.ബി.ആർ.ഡി. നമ്പർ സർക്കാർ കത്ത്.
2. ഈ കാര്യാലയത്തിലെ 24/07/2017 തീയതിയിലെ ഇ4/11042/17 നമ്പർ കത്ത്.
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 07.08.2017 തീയതിയിലെ OA 1536/ 2017 നമ്പർ ഉത്തരവ്.
4. ഈ കാര്യാലയത്തിലെ 20/01/2018 തീയതിയിലെ ഇ4/357/18 നമ്പർ ഉത്തരവ്.
5. ഈ കാര്യാലയത്തിലെ 19/01/2018 തീയതിയിലെ ഇ4/501/18 നമ്പർ കത്ത്.
6. ഈ കാര്യാലയത്തിലെ 22/03/2017 തീയതിയിലെ ഇ2/19634/16 നമ്പർ ഉത്തരവ്.
7. 30.11.2017 ലെ ഡി3/253/2017-എൽ.ബി.ആർ.ഡി.നമ്പർ സർക്കാർ കത്ത്.
8. 1958 ലെ കെ. എസ്. & എസ്. എസ്. ആർ. റൂൾ 28 (ബി)
9. ഈ കാര്യാലയത്തിലെ 27/01/2018 തീയതിയിലെ ഇ4/1236/18 നമ്പർ ഉത്തരവ്.
10. ശ്രീ.എം.എം.മനോജ്, സീനിയർ ക്ലാർക്ക് സമർപ്പിച്ച 29.01.2018 തീയതിയിലെ അപേക്ഷയും സത്യവാങ്മൂലവും.
11. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM)729/ 2017 നമ്പർ കേസ്.

---

**ഉത്തരവ് നമ്പർ. ഇ (4)357/2018 (1)** **തിരുവനന്തപുരം, തീയതി: 02/02/2018**

---

അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ 6 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി വായന(1) കത്തിലെ സർക്കാർ നിർദ്ദേശ പ്രകാരം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി ഒഴിവുകളിൽ പി.എസ്.സി അഡ്വൈസ് ചെയ്യുന്നത് വായന(2) ഉത്തരവിലൂടെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിട്ടുണ്ട്. പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനത്തിനായി അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ ഒരു ഒഴിവ് ഉൾപ്പെടെ 7 ഒഴിവുകൾ നിലവിൽ വന്നതിൽ, ഒരു ഒഴിവ് വായന (5) പ്രകാരം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുകയും ആറെണ്ണം മാറ്റി നിർത്തി ടി ഒഴിവിലേയ്ക്ക് വായന(4) പ്രകാരം സീനിയർ ക്ലാർക്ക് ശ്രീമതി ഷൈന.യു-ന് താൽകാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-I/ പ്ളാന്റേഷൻ ഇൻസ്പെക്ടർ തസ്തികയിലേക്ക് വായന (9) പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചതുവഴി അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ 5 ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. താൽകാലിക സ്ഥാനക്കയറ്റം അനുവദിക്കണമെന്ന് വായന (10) പ്രകാരം ശ്രീ.എം.എം.മനോജ് അപേക്ഷിക്കുകയും സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സീനിയർ ക്ലാർക്കായ ശ്രീ.എം.എം.മനോജ്, ലേബർ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകാതിരുന്നതിനാൽ ടിയാന്റെ എക്സിക്യൂട്ടീവ് വിഭാഗത്തിലേക്കുള്ള ഓപ്ഷൻ വായന (6) പ്രകാരം റദ്ദ് ചെയ്ത് ഉത്തരവായിരുന്നു. എന്നാൽ, ടിയാൻ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരനായതിനാൽ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ 13(എ)(1) പ്രകാരം താൽകാലിക സ്ഥാനക്കയറ്റം ലഭിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച

അപേക്ഷയിന്മേൽ ടിയാന് വകുപ്പുതല പരീക്ഷ പാസ്സാകുന്നതിൽ നിന്നും താൽകാലിക ഇളവിന് അർഹതയുണ്ടെന്ന് വായന (7) കത്ത് പ്രകാരം സർക്കാർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഭരണപരമായ ആവശ്യം മുൻനിർത്തിയും, വായന(2) പ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ പി.എസ്.സി അഡ്വൈസ് ചെയ്യുമ്പോൾ ഇപ്പോൾ താത്ക്കാലിക സ്ഥാനകയറ്റം നൽകുന്നവർ ജൂനിയറായിരിക്കുകയും ഈ ഒഴിവിൽ പി.എസ്.സി അഡ്വൈസ് ചെയ്യുമ്പോൾ ഒഴിവില്ലാത്ത പക്ഷം സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് തരംതാഴ്ത്തുകയും ചെയ്യും എന്ന വ്യവസ്ഥ അംഗീകരിച്ചു കൊണ്ട് സീനിയർ ക്ലാർക്ക് ശ്രീ.എം.എം.മനോജ് വായന (10) പ്രകാരം സമർപ്പിച്ച സത്യവാങ്മൂലം പ്രകാരവും കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ 13(എ)(1) പ്രകാരവും വായന (11) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമവിധിയ്ക്ക് വിധേയമായും എക്സിക്യൂട്ടീവ് വിഭാഗം തെരഞ്ഞെടുത്തിട്ടുള്ള സീനിയർ ക്ലാർക്കുമാരിൽ സീനിയറായ ശ്രീ.എം.എം.മനോജിന് ചുവടെ ചേർക്കും പ്രകാരം അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ താത്ക്കാലിക സ്ഥാനകയറ്റം നൽകി ഉത്തരവാകുന്നു.

| പേര്, തസ്തിക, നിലവിലെ ഓഫീസ് | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, ഓഫീസ് | റിമാർക്സ് |
|---|---|---|
| ശ്രീ. എം.എം.മനോജ്, സീനിയർ ക്ലാർക്ക്, അസിസ്റ്റന്റ് ലേബർ ഓഫീസ്, പെരിന്തൽമണ്ണ, മലപ്പുറം | അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II, അസിസ്റ്റന്റ് ലേബർ ഓഫീസ്, മണ്ണാർകാട്, പാലക്കാട് | കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ 13(എ)(1) പ്രകാരം അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ താൽകാലിക സ്ഥാനക്കയറ്റം നൽകി നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു. |

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ആവശ്യമായ ചുമതലാക്രമീകരണം നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
**ലേബർ കമ്മീഷണർ**

ശ്രീ. എം.എം.മനോജ്,
സീനിയർ ക്ലാർക്ക്, അസിസ്റ്റന്റ് ലേബർ ഓഫീസ്, പെരിന്തൽമണ്ണ, മലപ്പുറം
പകർപ്പ്:

1. അഡീഷണൽ ലേബർ കമ്മീഷണർ (ഇ, ഐ. ആർ, ഡബ്യൂ)
2. ലേബർ കമ്മീഷണറുടെ പി.എ
3. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, എറണാകുളം/കോഴിക്കോട്.
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. ജില്ലാ ലേബർ ഓഫീസർ, പാലക്കാട്, മലപ്പുറം
6. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
7. അസിസ്റ്റന്റ് ലേബർ ഓഫീസർ, പെരിന്തൽമണ്ണ, മണ്ണാർകാട്
8. സീനിയർ സൂപ്രണ്ട് (ഇ)
9. ഇ6 സീറ്റ്/ വെബ്സൈറ്റ്/ ഫയൽ/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻപ്രകാരം**

13.3. Hari Kumar

സീനിയർ സൂപ്രണ്ട് (ഇ)

ലേബർ കമ്മീഷണറുടെ കാര്യാലയം * കേരള, തിരുവനന്തപുരം *

വിജെ/ 2.2.18